**QP CODE T5075**

**Enrollment Number: ………………**

**Name: ………………………………**

# MA DEGREE EXAMINATIONS, MAY 2024

## Third Semester

## M.A. Malayalam Language and Literature

## M21ML10DC- വൈദേശിക സാഹിത്യ സിദ്ധാന്തങ്ങൾ

## 2022 admissions

**Time: 3 Hours** **Max Marks: 70**

## SECTION A

ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം.

1. കവിത അധമമായ കലാസൃഷ്ടിയാണെന്ന് പ്രഖ്യാപിക്കുന്ന പ്ലേറ്റോ അതിന് കണ്ടെത്തുന്ന യുക്തികൾ എന്തെല്ലാം?
2. പോയറ്റിക്സ് - കുറിപ്പ് തയ്യാറാക്കുക.
3. കാവ്യ പ്രതിഭയുടെ പരീക്ഷണഘട്ടമാണ് ഇതിവൃത്ത നിർമ്മാണമെന്ന് അരിസ്റ്റോട്ടിൽ പറയുന്നതിന്റെ അടിസ്ഥാനമെന്ത്?
4. ലോംഗിനസിന്റെ ഉദാത്തതാവാദം എന്തെന്ന് വിശദീകരിക്കുക.
5. മൗലിക പ്രതിഭയുടെ മുഖമുദ്രകളായി കോളറിഡ്ജ് ചൂണ്ടിക്കാണിക്കുന്ന ഘടകങ്ങൾ എന്തെല്ലാം?
6. അടിത്തറ- മേൽപ്പുര സങ്കല്പം- വിശദീകരിക്കുക.
7. രൂപഭദ്രതാവാദം -നിർവ്വചിക്കുക.
8. ചിഹ്നശാസ്ത്രം –കുറിപ്പെഴുതുക.

**(2X5=10)**

## SECTION B

ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം

9. കാവ്യഭാഷ ഗ്രാമീണമാകണമെന്ന് വേഡ്സ് വർത്ത് പറയുന്നതിന്റെ കാരണമെന്ത്?

10. കവിത ജീവിതത്തിന്റെ വിമർശനമാണെന്ന മാത്യു അർണോൾഡിന്റെ അഭിപ്രായം വിലയിരുത്തുക.
11. കളക്ടീവ് അൺകോൺഷ്യസ്  എന്നാൽ എന്ത്? വിശദീകരിക്കുക.
12. ടി ടി എസ് എലിയട്ടിന്റെ ഒബ്ജക്റ്റീവ് കോറിലേറ്റീവ് എന്തെന്ന് വിശദമാക്കുക.
13. സാർവ്വലൗകികകല (Universal Art) എന്നതുകൊണ്ട് ടോൾസ്റ്റോയി അർത്ഥമാക്കുന്നതെന്ത് ? വിവരിക്കുക.
14. സബാൾട്ടൻ    (Subaltern)  എന്ന പദം കൊണ്ട് അന്റോണിയോ  ഗ്രാംഷി വിവക്ഷിക്കുന്നതെന്ത് ?
15. കാവ്യഭാഷയെക്കുറിച്ചുള്ള കോളറിഡ്ജിന്റെ നിരീക്ഷണങ്ങൾ എന്തെല്ലാം?
16. മധ്യകാല സൗന്ദര്യശാസ്ത്രത്തിലെ പ്രമുഖ ചിന്താധാരകളായിരുന്ന അറബി, ചൈനീസ്, ജാപ്പനീസ് സാഹിത്യങ്ങളെ സാമാന്യമായി പരിചയപ്പെടുത്തുക.
17. കാവ്യഭാഷയെ സംബന്ധിച്ചുള്ള ദാന്തെയുടെ നിരീക്ഷണങ്ങൾ വിവരിക്കുക.
18. സിന്റാഗ്മാറ്റിക് ഘടനാവാദം, പാരിഡിഗ്മാറ്റിക് ഘടനാവാദം -കുറിപ്പെഴുതുക.

**(5X6=30)**

## SECTION C

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം**

19. വാൾട്ടർ പേറ്റർ, ഓസ്കാർ വൈൽഡ് ഇവരുടെ കലാദർശനം വിശകലനം ചെയ്യുക.
20. അരിസ്റ്റോട്ടിലിന്റെ ദുരന്തനാടകദർശനത്തെക്കുറിച്ച്   വിവരിക്കുക.
21. ഒരു സാഹിത്യകലാപ്രസ്ഥാനമെന്ന നിലയിൽ റിയലിസത്തിന്റെ ആവിർഭാവവും വളർച്ചയും വിവരിക്കുക.
22. വ്യവഹാരഭാഷയുടെ ഏകീകരണമാണ്  മാനകഭാഷയുടെ ലക്ഷ്യമെങ്കിൽ കാവ്യഭാഷ അനുഭൂതികളെ ആവിഷ്കരിക്കുന്നതിനുള്ള ഭാഷയാണ് - വിശദീകരിക്കുക.

**(15X2=30)**